സാമൂഹ്യ ആഘാത പഠന കരട് റിപ്പോർട്ട്

ഇരിഞ്ഞാലക്കുട- മനവലശ്ശേരി വില്ലേജുകളിലായി
ഇരിഞ്ഞാലക്കുട ഠാണ-ചന്തക്കുന്ന് കവല വികസന പദ്ധതി
തൃശ്ശൂർ ജില്ല

സമർപ്പണം

ജില്ലാകളക്ടർ, തൃശ്ശൂർ

ഏജൻസി: ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്,

അങ്ങാടിക്കടവ്, ഇരിട്ടി, കണ്ണൂർ – 670706

Phone: (0490) 2426014; 7012516402

dbascoffice@gmail.com

25 മാർച്ച്– 2022

അദ്ധ്യായം 1
പദ്ധതി സംഗ്രഹം

1.1 പദ്ധതിയും പൊതു താത്പര്യവും

തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിലെ ഇരിഞ്ഞാലക്കുട-മനവലശ്ശേരി വില്ലേജുകളിലായി ഠാണ-ചന്തക്കുന്ന് കവല വികസന പദ്ധതി നടപ്പിലാക്കുവാൻ ഭൂമി ഏറ്റെടക്കൽ വളരെ അനിവാര്യമായ വസ്തുതയാണ്. തൃശ്ശൂർ കൊടുങ്ങല്ലൂർ റൂട്ടിൽ ഇരിഞ്ഞാലക്കുട, ഠാണ- ചന്തക്കുന്നു കവലകളുടെ വികസനം, നൂറുകണക്കിന് യാത്രക്കാർക്കും തൃശ്ശൂർ, ഇരിഞ്ഞാലക്കുട, കൊടുങ്ങല്ലൂർ ക്ഷേത്രവിശ്വാസികൾക്കും, സർവോപരി പ്രദേശവാസികൾക്കും വലിയ അനുഗ്രഹമായിത്തീരുന്ന ഒരു മഹത്തായ പദ്ധതിയായിത്തീർന്ന് യാത്ര സുഗമമാക്കുകയും വളരെയധികം വിനോദസഞ്ചാര വികസനസാധ്യതകൾക്ക് വഴിതെളിക്കും. ഈ പദ്ധതി ഈ പ്രദേശത്തിൻെറ ഗതാഗത സാമ്പത്തിക മേഖലയിൽ വലിയ വികസനങ്ങൾക്കു വഴിതെളിക്കുകയും ചെയ്യും. ഈ സാഹചര്യത്തിൽ ഠാണ-ചന്തക്കുന്നു കവല വികസനം ഒഴിച്ചുകൂടാനാവാത്തതാണ്. അതിനാൽ എല്ലാപ്രകാരത്തിലും ഇത് ഒരു പൊതു താൽപര്യ പദ്ധതിയാണ്.

നിലവിലുള്ള റോഡ് നൂറോളം വർഷം പഴക്കമേറിയതും വളരെ വീതികുറഞ്ഞതും ഗതാഗത സ്തംഭനം ഉണ്ടാക്കുന്നതുമാണ്. പതിറ്റാണ്ടുകൾക്കുമുൻപ് റോഡിൻെറ ഇരുവശങ്ങളിലുമായി പണിതുയർത്തിയ കെട്ടിടങ്ങൾ ഇന്നു ഒരു തടസ്സമായി മാറുകയും ദിനംപ്രതി നിരത്തിലെ വഹനങ്ങളുടെ എണ്ണം വർധിക്കുകയും ചെയ്യുമ്പോൾ പൊതുജനങ്ങളും വ്യാപാരികളും ദൂരെയാത്രക്കാരും ഒരുപോലെ ദുരിതമനുഭവിക്കുന്നു. ദീർഘനേരം ഗതാഗതകുരുക്കിൽപ്പെടുമ്പോൾ, സമീപവാസികൾക്കും ടൂറിസ്റ്റ്കൾക്കും അത് വളരെ അസൗകര്യം സൃഷ്ടിക്കുന്നു. ഈ പദ്ധതിക്കായി 32 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. പൊതുജനത്തിന് ഉപകാരപ്രദമായതിനാൽ 790 മീ. നീളത്തിലും 17 മീ. വീതിയുമുള്ള ഈ റോഡ് വികസനപദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി ഇവിടെയുള്ള ട്രാഫിക് തടസ്സം എന്നേക്കുമായി മാറുമെന്നതിനാൽ ഇതൊരു പൊതു താത്പര്യപദ്ധതിയാണ്.

1.2 പദ്ധതി പ്രദേശം

ഈപദ്ധതി പ്രദേശം തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിലെ ഇരിഞ്ഞാലക്കുട - മനവലശ്ശേരി വില്ലേജുകളിലായി ഇരിഞ്ഞാലക്കുട നഗരസഭയുടെ പരിധിയിൽ ഉൾപ്പെടുന്നതുമാണ്. ഇരിഞ്ഞാലക്കുട ഠാണ-ചന്തക്കുന്നു കവല വികസന പദ്ധതി നടപ്പിലാക്കുവാൻ നിലവിലുള്ള റോഡ് 17 മീറ്റർ വികസിപ്പിക്കുന്നതിന് ഏകദേശം ഏകദേശം 0.553 ഹെക്ടർ ഭൂമിയാണു ഏറ്റെടുക്കാനുള്ളത്. ഈപദ്ധതിയുടെ നീളം 790 മീറ്ററാണ്.



റോഡ് വികസനത്തിനായി ഇരിഞ്ഞാലക്കുട, മനവലശ്ശേരി വില്ലേജുകളിലായി 61 സർവേ നമ്പറുകളിൽ ഉൾപ്പെട്ട ഭൂമിയാണ് ഈ പദ്ധതിക്ക് ആവശ്യം.

1.3 പദ്ധതിപ്രദേശത്തിൻെറ വലിപ്പവും സ്വഭാവവും

മൊത്തം ആവശ്യമുള്ളത് ഏകദേശം 0.553 ഹെക്ടറാണ്. നിലവിലുള്ള റോഡിൻെറ ഇരുവശങ്ങളുമായി ചേർന്ന സ്ഥലമാണ് ഏറ്റെടുക്കുവാനുള്ള ഭൂമി. താമസസ്ഥലങ്ങൾ, മതിലുകൾ, പ്രവേശന കവാടങ്ങൾ, കടകൾ, വ്യവസായ സംരംഭങ്ങൾ, കാർഷിക സമ്പത്ത്, സർക്കാർ സ്ഥാപനങ്ങൾ ചേർന്നസ്ഥലവും കെട്ടിട മുൻഭാഗങ്ങളും ഈ പ്രദേശത്തുണ്ട്. തലൂക്ക് ആശുപത്രിയോട് ചേർന്ന സ്ഥലം, മറ്റ് ഒട്ടനവധി സ്വകാര്യ വസ്തുക്കൾ, ആരധനാലയങ്ങളുടെയും സാമൂഹ്യ-സംസ്കാരികസ്ഥാപനങ്ങളുടെയും ഭാഗങ്ങളും ബാധിതമാണ്. നിലവിലുള്ള റോഡിൻെറ തന്നെ ഇരുഭാഗവുമായതിനാൽ ഏറ്റെടുക്കുവാനുള്ള പ്രദേശം താരതമേന്യ കുറവും ബഹുനിലക്കെട്ടിടങ്ങളും നിർമ്മിതവസ്തുക്കളുമുള്ളതുമാണ്.

1.4 സാദ്ധ്യതയുള്ള ഇതര പ്രദേശങ്ങൾക്കായുള്ള അന്വേഷണം

പഠനസംഘം പദ്ധതി വികസനത്തിനായി മറ്റ് പ്ലാനുകളും രൂപകൽപനകളും അന്വേഷിച്ചു. ഇതര സാദ്ധ്യതകളെക്കുറിച്ച് ബാധിതരായ പ്രദേശവാസികളോടും മുഖ്യവിവര ദാതാക്കളോടും തിരക്കി. പദ്ധതി ബാധിതരിൽ ഒന്നുരണ്ടുപേർ നിലവിലുള്ള റോഡിനു വീതി കൂട്ടുന്നതിനു പകരം, ബൈപാസുകൾ നിർമ്മിച്ചും, വൺവെ ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു. നിർദ്ദേശിച്ചിരിക്കുന്ന പദ്ധതിയെക്കുറിച്ച് പൊതുവിൽ അഭിപ്രായ ഐക്യം ഉണ്ടെന്നുമാത്രമല്ല, ഭൂരിപക്ഷ അഭിപ്രായം ഈ റോഡിൻെറ വികസനമാണു ആഗ്രഹിക്കുന്നത്. നിലവിലുള്ള വഴിയുടെ വികസനത്തിനായി ഉപയോഗിക്കുന്നതിനാലും ഏകദേശം 0.553 ഹെക്ടർ ഭൂമി മാത്രം ആവശ്യമായതിനാലും നിർദ്ദേശിച്ചിരിക്കുന്ന സ്ഥലമാണ് ഏറ്റവും അനുയോജ്യം.

Table No.2.1 Examination of Alternatives		
	Frequency	Percent
Yes	3	3.8
No	74	94.9
Not available	1	1.3
Total	78	100

പട്ടിക 2.1: 78 ബാധിതരിൽ 3 പേർ മറ്റ് സാധ്യതകളെക്കുറിച്ച് അഭിപ്രായപ്പെട്ടു. 74 പേർ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലമാണ് ഏറ്റവും അനുയോജ്യം എന്ന് അഭിപ്രായപ്പെട്ടു. ഒരാളുടെ വിവരം ലഭ്യമല്ല

1.5 സാമൂഹ്യ ആഘാതം

നിലവിലുള്ള റോഡിൻെറ ഇരുവശങ്ങളുമായിചേർന്ന ഏകദേശം 0.553 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാനുള്ള ഭൂമി. താമസസ്ഥലങ്ങൾ, മതിലുകൾ, പ്രവേശന കവാടങ്ങൾ, കടകൾ, വ്യവസായ സംരംഭങ്ങൾ, കാർഷിക സമ്പത്ത്, സർക്കാർ സ്ഥാപനങ്ങളും ചേർന്ന സ്ഥലവും കെട്ടിടമുൻഭാഗങ്ങളും ഈ പ്രദേശത്തുണ്ട്. തലൂക്ക് ആശുപത്രിയോട് ചേർന്ന സ്ഥലം, മറ്റ് ഒട്ടനവധി സ്വകാര്യ വസ്തുക്കൾ, മുസ്ലിം ആരാധനാലയങ്ങളുടെയും കുറച്ച് ഭാഗങ്ങളും ബാധിതമാണ്. ഇരിഞ്ഞാലക്കുട, മനവലശ്ശേരി വില്ലേജുകളിലായി വില്ലേജുകളിലായി 61സർവേ നമ്പറുകളിൽ ഉൾപ്പെട്ട ഏകദേശം 0.553 ഹെക്ടർ ഭൂമിയാണ് ഈ പദ്ധതിക്ക് ആവശ്യം. 65 കുടുംബങ്ങളുടെയും അവരുടെ ആശ്രിതരുടെയും മറ്റ് 13 സർക്കാർ സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള ഭൂമിനഷ്ടമാണ് ഏറ്റെടുക്കലിൻെറ ഏറ്റവും മുഖ്യമായ ആഘാതം. ഇവിടെയുള്ള ഭൂമി എറ്റെടുക്കൽ 65 കുടുംബങ്ങളിൽ നിന്നായി 183 പുരുഷന്മാരും 175 സ്ത്രീകളുമുൾപ്പെടെ 383 വ്യക്തികളെയും സക്കാർ സ്ഥാപനങ്ങൾ, പങ്കാളിത്ത സ്ഥാപനങ്ങളും, ചേന്ന സ്ഥലവും ബഹുനിലകെട്ടിടങ്ങളുടെ മുൻഭാഗങ്ങളും ബാധിക്കുമെന്നാണ് കണക്കാക്കുന്നത്. കൂടാതെ, ഉപജീവനമാർഗ്ഗത്തിലുണ്ടാകാവുന്ന നഷ്ടം മുഖേന പരോക്ഷമായോ പ്രത്യക്ഷമായോ പൂർണ്ണമായോ ഭാഗികമായോ 47 കുടുംബങ്ങളെ / വ്യക്തികളെ ബാധിക്കും. പൂർണ്ണമായി ബാധിക്കുന്നതിനാൽ പുന:സ്ഥാപിക്കേണ്ടതായിവരുന്ന 5 വീടുകൾ/കെട്ടിടങ്ങൾ നഷ്ടമാകും. ഇവരിൽ 37 പേർക്ക് അവരുടെ പരമ്പരാഗതമായ ഭൂസ്വത്ത് ആയതിനാൽ ഭൂമിയുമായുള്ള വൈകാരിക ബന്ധത്തിനും കോട്ടം സംഭവിക്കും. മതിയായ പ്രതിഫലവും പുനരധിവാസവും നൽകുന്നതിലൂടെ ഏറ്റെടുക്കൽ നഷ്ടം പരമാവധി ഇല്ലാതക്കാൻ സാധിക്കും.

പട്ടിക 1.1 ബാധിക്കുന്ന ഭൂമി / ആസ്തി വിവര പട്ടിക			
ക്രമ. നം.	ഭൂമി ഉടമസ്ഥർ	വിസ്തീർണ്ണം	ബാധകമാകുന്ന ആസ്തി
1	Jobi & others , Nedumparampil house	14 cent	2 നിലകെട്ടിടത്തിൻെറ മുൻവശം,
2	Dr. C I Antony	17 cent	സ്ഥലം, മതിലും കവാടവും,
3	Shaji & Saifuddheen Kalluparamp	8 cent	2 നിലകെട്ടിടത്തിൻെറ മുൻവശം,

4	Sherin Ahammed & Shefeek Ahammed	8.5 cent	11 മുറി കെട്ടിടത്തിൻെറ മുൻവശം,
5	Satheesh K S, Anjantha Shop	1.5 cent	കടയുടെ മുൻഭാഗം,
6	Jose Kallikkadan	1.25 cent	കടയുടെ മുൻഭാഗം,
7	K O Henry, Kallikkadan H	1.5 cent	2 നിലകെട്ടിടത്തിൻെറ മുൻവശം,
8	Murali Kaithavalappil	13.600 cent	കടയുടെ മുൻവശം
9	Tomy K T	1 cent (400 sq ft)	3 നിലകെട്ടിടത്തിൻെറ മുൻവശം
10	Ajitha Ramesh	1.5 cent	കെട്ടിടത്തിൻെറ മുൻവശം, മെഡിക്കൽ ഷോപ്പ്
11	Bhabha	Don't know	ചായകടയുടെ മുൻവശം, മൊബൈൽ ഷോപ്പ്, ലൊട്ടറി കട
12	Jose, Avaran Kurian	1.5 cent	മെഡിക്കൽ ഷോപ്പ് മുറി മുൻഭാഗം,
13	Manoj M N	2.5 cent	ആയുർവേദകടയുടെ മുൻഭഗം
14	Raphel & others Raphel and Brother (kuttikkattu neyyan)	8Cent, 6.75 cent	ഓട് ഇട്ട കടയുടെ മുൻവശം, ഷീറ്റിട്ട കടയുടെ മുൻവശം
15	Katharine W/o Dr Lonappan	20 Cent	3 നിലകെട്ടിടത്തിൻെറ മുൻവശം, 7 മുറികൾ, സ്റ്റൈർകയ്സ്
16	Davis K V, Varghese	5 Cent	ഷീറ്റിട്ട കടയുടെ മുൻവശം 1 മുറി,
17	Irinjalakuda Juma masjid (Town Mosque)	20 cent	മുൻവശം, ഗെയിറ്റ്, മതിൽ, കമാനം, നേച്ചപ്പെട്ടി കടമുറികളുടെ മുൻഭാഗം.
18	K V Davis, Kanjanikkaran	50 cent	കെട്ടിടത്തിൻെറ മുൻവശം, 8 മുറികൾ, (Fashion Readymade, Safu Shoemart, Shakthi flowers, Matha Cycle stores, Status store, Chandhanam collections, Maria fruits)
19	Jose Elevathingal Kanjanikaran	13 cent,	3 നിലകെട്ടിടത്തിൻെറ മുൻവശം (Neyyan's Fancy Centre, EG Complex Bus stop, Ayiswaria readymades.)
20	E F David	12 cent	കെട്ടിടത്തിൻെറ മുൻഭാഗം (Mayura textiles, and Biryani)
21	K S Mudassir Khan & others	Don't know	കെട്ടിടത്തിൻെറ മുൻഭാഗം,
22	BSNL Irinjalakuda	Don't know	ഗെയിറ്റ്, മതിൽ, സെക്യൂരിറ്റി മുറി
23	Engoor Phalgunan	10 cent	3 നിലകെട്ടിടത്തിൻെറ മുൻവശം
24	Jose pokkath Autokkaran	24 cent	ഭൂമി (മുൻവശം,)
25	CEO, Irinjalakuda Town Co.op Bank	50 cent	ഗെയിറ്റ്, മതിൽ, മുൻവശം,
26	Bijoy T J,	5.5 cent	3 നിലകെട്ടിടത്തിൻെറ മുൻവശം
27	Mekharunnisa & others	1.5 cent	ഓട് ഇട്ട വീടിൻെറ മുൻവശം,
28	V M S Rajan, Valiyaveettile Madathikkal	14 cent	4 നിലകെട്ടിടത്തിൻെറ മുൻവശം
29	Choja Parampi	11 cent 2.16 cent	വീടിൻെറ മുറ്റം, മതിൽ തയ്യൽക്കട മുറിയുടെ മുൻഭാഗം
30	Varghese Parampi & others	8 Cent	3 മുറികെട്ടിടത്തിൻെറ ഒരു ഭാഗം
31	Toddy Workers Union CITU	7 cent	2 നില കെട്ടിടത്തിൻെറ മുൻഭാഗം
32	Suresh Kumar & others	2.85 cent	3 നില കെട്ടിടത്തിൻെറ മുൻഭാഗം, വീട്.
33	Emson M C	15 cent	2 കടകളുടെ, (3 മുറികൾ) മുൻവശം,
34	NSS Karayogam, Iringalakuda Kizhakummri No. 2356	3 cent	2 കടകളുടെ, (3 മുറികൾ) മുൻവശം,

35	Charly Chirayath Pittapillil Agencies	24 cent	3 നില കെട്ടിടത്തിൻെറ മുൻഭാഗം
36	Koodalmanikyam Devaswam	646 ares	2 കടകളുടെ, (3 മുറികൾ) മുൻവശം, വഴി.
37	Sreedharan M	1.5 cent	കടയുടെ മുൻവശം,
38	Shemir Khader (land owned by Katharin Lonappan)	1.5 cent	കാലി സ്ഥലം മുൻഭാഗം
39	St.Thomas Cathedral Irijnalakuda	3.8 acre 1.37acre 1.17 acre	സെൻറിനറി ഹാൾ കെട്ടിടം, എതിർവശനുള്ള ഷൊപ്പിങ് കൊമ്പ്ലക്സ്, പള്ളിയുടെ ഭൂമി, ഗ്രോട്ടോകൽ പള്ളിനടകൾ, കിണർ, മതിൽ.
40	Irinjalakuda Catholic Bishops House	1 acre plus	പ്രവേശനകവാടത്തിൻെറ മുൻഭാഗം
41	Vidya Jyothi building	46 cent	മുൻവശം, ഗെയിറ്റ്, മതിൽ, ട്രാൻസ്ഫൊർമെർ
42	Leelamma & Sento	10 cent	3 നില കെട്ടിടത്തിൻെറ മുൻഭാഗം
43	Vincent P R, Parampi House	14 cent	3 നില കെട്ടിടത്തിൻെറ മുൻഭാഗം
44	Varghese Parampi	9.25 cent 2.5 cent	വീടിൻെറ മുറ്റം, മതിൽ, കടമുറിയുടെ മുൻഭാഗം
45	Somasundharam Near Tana Bye pass	5 cent 28 cent	കടയുടെ മുൻവശം, വീടിൻെറ മുൻഭാഗം കാലി സ്ഥലം.
46	Kizhakepeedika Complex	44 cent	2 നില കെട്ടിടത്തിൻെറ മുൻഭാഗം, 14 മുറികൾ
47	Paulson Kottooran	18 cent	കെട്ടിടത്തിൻെറ മുൻഭാഗം
48	Rajendran	27 cent	വീടിൻെറ മുൻഭാഗം സ്ഥലം ഗെയിറ്റ്, മതിൽ,
49	Manzoor , Near Tana Bye pass	22 cent	കാലി സ്ഥലം മുൻഭാഗം
50	Dr. I Thomas and others Edapalli building	31 cent	പഴയ ബഹുനില കെട്ടിടത്തിൻെറ മുൻഭാഗം കിണർ,
51	Jaison Thekkiniyeth (pazhayi)	6 cent	സ്ഥലത്തിൻെറ മൂലക്കെട്ട്
52	MP Jackson & others Mampilly, Chanthakkunnu	17 cent	ഓടിട്ട കെട്ടിടത്തിൻെറ ഭാഗം
53	Anto N K Nattekkadan	4.75 cent	6 മുറികളുള്ള 3 നില കെട്ടിടത്തിൻെറ മുൻഭാഗം.
54	K V Davis, Abhiman Towers Chandakkunnu	19.5 cent	5 നില കെട്ടിടത്തിൻെറ മുൻഭാഗം, പാർകിങ്ങ് ഏരിയ
55	Jose & Mariayam	13 cent	ഗെയിറ്റ്, മതിൽ സ്ഥലം മുൻഭാഗം
56	Beena Joseph, Molarikkal Auttokkaran building	10 cent	3 നില കെട്ടിടത്തിൻെറ, മുൻഭാഗം
57	Alphonsa, Brhmakulathkunnikuru	18cent	വീടിൻെറ മുൻഭാഗം
58	Paul AJ, Akkarakkaran	12 cent	ഗെയിറ്റ്, മതിൽ
59	Dr, Sushith Sugathan	10 cent	3 നില കെട്ടിടത്തിൻെറ മുൻഭാഗം,
60	Willy Thomas, Kandamkulathi House	74.75 cent	മതിലും കവാടവും മുൻഭാഗം
61	Baby kottoran, Kololipparampil house	5 cent	3 നില കെട്ടിടത്തിൻെറ മുൻഭാഗം,
62	Raffi and others	13 cent	4 നില കെട്ടിടത്തിൻെറ മുൻഭാഗം
63	E D Joseph, Vadayil Complex	5 cent	3 നില കെട്ടിടത്തിൻെറ മുൻഭാഗം,
64	Ali Erattuparamp	13 cent	4 നില കെട്ടിടത്തിൻെറ മുൻഭാഗം
65	Jesna & Nazeer	4 cent	2 നില കെട്ടിടത്തിൻെറ മുൻഭാഗം
66	Sherina & others	3 cent	2 നില കെട്ടിടത്തിൻെറ മുൻഭാഗം
67	Mr. Rosh	180 sq ft.	4 നില കെട്ടിടത്തിൻെറ മുൻഭാഗം
68	Rajan Kezhamparampil	3 cent	2 നില കെട്ടിടത്തിൻെറ മുൻഭാഗം, പരസ്യബോർഡ്
69	Suboss, Mampukulangara	4.5 cent	2 നില കെട്ടിടത്തിൻെറ മുൻഭാഗം
70	Ishaque	5 cent	കെട്ടിടത്തിൻെറ മുൻഭാഗം, ഹാൾ
71	Jameela & others (Asis, Rasiya, naseem) Asis, Rasiya, Jameela	4.cnet 0.5 cent	വീടിൻെറ മുൻഭാഗം ഗെയിറ്റ്, മതിൽ
72	Nizar & others Kanikkaparampil house	8 cent	2 മുറികളുള്ള കെട്ടിടത്തിൻെറ മുൻഭാഗം.

73	C P peter		കെട്ടിടത്തിൻെറ മുൻഭാഗം
74	Adv. Alfie Joseph		കെട്ടിടത്തിൻെറ മുൻഭാഗം മതിലും കവാടവും,
75	Taluk Hospital		കാലി സ്ഥലം
76	Municipality properties		കെട്ടിടത്തിൻെറ, മുൻഭാഗം
77	Old police station		മതിലും കവാടവും, കെട്ടിടത്തിൻെറ മുൻഭാഗം
78	Sub jail		മതിലും കവാടവും, കെട്ടിടത്തിൻെറ ഭാഗം

1.6 ആഘാത ലഘൂകരണ മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013 അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ ആഘാതം ലഘൂകരിക്കുവാൻ സാധിക്കുമെന്നാണ് പഠനത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്.

പട്ടിക 1.2 സാമൂഹ്യ ആഘാതവും ലഘൂകരണ നടപടികളും

ക്രമ സംഖ്യ	സർവ്വേ നമ്പർ	സ്ഥിതി: പ്രത്യക്ഷം / പരോക്ഷം	ലഘൂകരണ നിർദ്ദേശങ്ങൾ
1	ഭൂമി നഷ്ടം	5 ഭൂമി – പ്രത്യക്ഷം	ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം
2	കെട്ടിടങ്ങൾക്കുള്ള നഷ്ടം/കേടുപാടുകൾ	73 പൂർണ്ണമോ ഭാഗികമോ –	ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം
3	മതിൽ ഗെയ്റ്റ്	10 പ്രത്യക്ഷം	ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം
3	വീടുകൾ/പാർപ്പിടങ്ങൾ	5 വീടുകൾ/പാർപ്പിടങ്ങൾ പൂർണ്ണമോ ഭാഗികമോ	ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം
4	ഉപജീവനമാർഗ്ഗ നഷ്ടം	65 വ്യക്തികൾ – പ്രത്യക്ഷം / പരോക്ഷം – ഉപജീവന മാർഗ്ഗം, വാടക നഷ്ടപ്പെടുന്നു. കച്ചവടത്തെ ബാധിക്കുന്നു– കടകളുടെ മുൻവശം, പാർക്കിഗ് സ്ഥലം	സമീപത്ത് പാർക്കിങ്ങ് സൗകര്യം – ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം
5	പൊതു സേവന ലഭ്യതയും പൊതു ആസ്തി വിഭവങ്ങളും	മുനിസിപ്പാലിറ്റിയുടെ സ്ഥലം ഷോപ്പിങ് കൊമ്പ്ലെക്സ് കെട്ടിടങ്ങൾ ആസ്പത്രിയുടെ സ്ഥലം, കടമുറികൾ മതിൽ, സബ്ജയിലിൻെറ കെട്ടിടം, മതിൽ, ഗയ്റ്റ്, പഴയ പോലീസ് സ്റ്റേഷൻെറ മതിലും സ്ഥലം,	ഭൂമി ഏറ്റെടുക്കൽ 2013 നിയമപ്രകാരം നഷ്ടപരിഹാരം, പുനരധിവസിപ്പിക്കൽ
6	ആരാധനാലയ സ്ഥലം / ആസ്തി	മുസ്ലിം പള്ളിയുടെ മുൻഭാഗം കവാടം, ഷോപ്പിങ് കൊമ്പ്ലെക്സ് കെട്ടിടം, ക്രിസ്ത്യൻ പള്ളിയുടെ മുൻഭാഗം കവാടം, ഷോപ്പിങ് കൊമ്പ്ലെക്സ് കെട്ടിടം, ക്രിസ്ത്യൻ ഗ്രോട്ടോകൾ, കിണർ, മതിലുകൾ, കടകളുടെ മുൻഭാഗം, ഭൂമി. കൂടൽമാണിക്യക്ഷേത്രം വക കെട്ടിടം, മറ്റ് മതസാമുദായിക സ്ഥാപനങ്ങളുടെ വസ്തുവകകൾ.	ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം

1.7 സാമൂഹ്യ ആഘാത ദുരീകരണ പദ്ധതി

സാമൂഹ്യ ആഘാത പഠനത്തിൽ നടത്തിയ അവലോകനങ്ങളുടെയും അന്വേഷണങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിൽ ഇരിഞ്ഞാലക്കുട-മനവലശ്ശേരി വില്ലേജുകളിലായി ഠാണ-ചന്തക്കുന്ന് കവല വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ മുഖേന ഉണ്ടാകാവുന്ന സാമൂഹ്യ ആഘാത ലഘൂകരണ പ്ലാൻ വികസിപ്പിച്ചെടുത്തിരിക്കുന്നു. അതിൻെറ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

സാമ്പത്തിക വശങ്ങൾ

ഭൂമിയോ വിഭവങ്ങളോ ഉപജീവന മാർഗ്ഗങ്ങളോ നഷ്ടപ്പെടുന്ന 65 കുടുംബങ്ങൾക്കും മറ്റ് 13 പ്രസ്ഥാനങ്ങൾക്കും മതവിശ്വാസ ഗ്രൂപ്പുകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം ലഭ്യമാക്കണം. പദ്ധതി ബാധിക്കുന്ന കുടുംബാംഗങ്ങൾക്ക് അവരുടെ കഴിവിനനുസരിച്ച് നിമ്മാണജോലികളിൽ (ആവശ്യമെങ്കിൽ) മുൻഗണന കൊടുത്താൽ ഉപജീവന മാർഗ്ഗങ്ങൾ നഷ്ടപ്പെടുന്നവർക്ക് താത്കാലിക പരിഹാരമെങ്കിലും ആയേക്കാം.

പാരിസ്ഥിതികം

പദ്ധതി നടപ്പാക്കുന്നവർ പദ്ധതി പ്രദേശത്തുള്ള വൃക്ഷലതാദികൾ പരമാവധി സംരക്ഷിച്ച് പരിസ്ഥിതിക്ക് അനുകൂലമായ നിർമ്മാണം ഉറപ്പുവരുത്തണം. ആവശ്യമായ ചാലുകൾ (ഡ്രൈനേജുകൾ) നിർമ്മിച്ച് നീരൊഴുക്ക് ക്രമീകരിക്കണം.

പട്ടിക **1.3** - ഗുണകരമായ ഫലങ്ങൾ			
അനന്തര ഫലങ്ങൾ	**പ്രത്യക്ഷം / പരോക്ഷം**	**താത്കാലികം / ശാശ്വതം**	**പ്രധാനം / അപ്രധാനം**
ഗതാഗത തടസ്സത്തിൽ കുറവ്	പ്രത്യക്ഷം	ശാശ്വതം	പ്രധാനം
കൂടുതൽ ഗതാഗത സൗകര്യങ്ങൾ	പ്രത്യക്ഷം/പരോക്ഷം	ശാശ്വതം	പ്രധാനം
അപകടകരമായ സാഹചര്യങ്ങളും ആകസ്മികമായ മരണങ്ങളും ഒഴിവാക്കൽ	പ്രത്യക്ഷം	ശാശ്വതം	പ്രധാനം
പ്രധാനപ്പെട്ട രണ്ട് നഗരങ്ങളിൽ നിന്നുള്ള (ത്രിശ്ശൂർ, ഇരിഞ്ഞാലക്കുട) യാത്ര സുഗമമാവുകയും ചെയ്യും	പ്രത്യക്ഷം	ശാശ്വതം	പ്രധാനം

പദ്ധതി ബാധിതരുമായി നടത്തിയ ചർച്ചകളിൽ എത്രയും വേഗം ഭൂമി ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കി നഷ്ടപരിഹാരവും നൽകി പൊതുജനത്തിൻെറ ദുരിതം ഇല്ലാതാക്കണമെന്ന അഭിപ്രായം ശക്തമായി ഉന്നയിക്കപ്പെട്ടു. നിയമ പ്രകാരമുള്ള നഷ്ട പരിഹാരം നൽകി ഭൂമി ഏറ്റെടുക്കണമെന്നാണ് സാമൂഹ്യ ആഘാത പഠന സംഘത്തിൻെറ അഭിപ്രായം. പ്രദേശത്തിൻെറയും ജില്ലയുടെയും പുരോഗതിയ്ക്ക് ഈ പദ്ധതി ആവശ്യമായതിനാൽ സാമൂഹ്യ വശങ്ങളും പാരിസ്ഥിതിക വശങ്ങളും കോർത്തിണക്കി ആഘാത ലഘൂകരണ നിർദ്ദേശങ്ങളും പാലിച്ച് പദ്ധതി ആവിഷ്കരിക്കണമെന്ന് പഠന സംഘം അഭിപ്രായപ്പെടുന്നു. മുൻ കരുതൽ നടപടികളിലൂടെ പദ്ധതിയുടെ ചിലവും ദോഷഫലങ്ങളും കുറയ്ക്കുകയും ചെയ്യണം. മതസ്ഥാപനങ്ങൾക്കും വസ്തുക്കൾക്കും ബാധിതമാകുന്നതു പരമാവധി കുറക്കുന്നതിനായി മതനേതാക്കളും പ്രതിനിധികളുമായി എം എൽ എ, മറ്റ് തിരഞ്ഞെടുക്കപ്പെട്ട

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ജില്ലാകളക്ടറുടെ മേൽനോട്ടത്തിൽ ചർച്ച ചെയ്തു സമവായത്തിൽ എത്താവുന്നതണ്.

1.8 പുനരധിവാസ / പുന:സ്ഥാപനത്തിനുള്ള മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013 അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ ആഘാതം ലഘൂകരിക്കുവാൻ സാധിക്കുമെന്നാണ് പഠനത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. നഷ്ടപരിഹാരം എത്രയും വേഗം നൽകണമെന്ന് പഠന സംഘം നിർദ്ദേശിക്കുന്നു. ഭൂമിയിലും ജോലിയിലും ഉൽപ്പാദന മുതലുകളിലും കച്ചവടത്തിലും പൊതു സൗകര്യങ്ങളിലും ബാധിതരുടെ സ്ഥലമാറ്റത്തിലുമുള്ള നഷ്ടങ്ങൾ നിയമം അനുശാസിക്കുന്ന പരിഹാരത്തിലൂടെ കൈകാര്യം ചെയ്യുവാൻ സാധിക്കും. വീടും കടയും ചേർന്നുള്ളവയും, ഉപജീവനമാർഗ്ഗങ്ങളായ കടകളും ഉൾപ്പെടെ 65ഉം, പൊതു സേവന ലഭ്യതയും പൊതു ആസ്തി വിഭവങ്ങളും ചേർന്നതാണ് പൂർണ്ണമായോ ഭാഗികമായോ നഷ്ടം സംഭവിക്കുന്ന നിർമ്മിത ഘടകങ്ങൾ. പഴക്കംചെന്ന ഇരുനിലകെട്ടിടങ്ങൾ പൊളിച്ച് റോഡിനു വീതി കൂട്ടുമ്പൊൾ, ശേഷിച്ച ഭാഗം ഉപയോഗപ്രദമാകുന്ന തരത്തിൽ ആകണം.

1.9 പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ / അഭിപ്രായങ്ങൾ

ആഘാതം ലഘൂകരിക്കുവാൻ പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ /അഭിപ്രായങ്ങൾ താഴെപ്പറയുന്നവയാണ്:

- ചിലർക്ക് നഷ്ടപ്പെടുന്നത് ഉപജീവനത്തിനുള്ള ഏകമാർഗ്ഗമാണ്. അതിനാൽ മെച്ചപ്പെട്ട നഷ്ട പരിഹാരം നൽകണം
- കെട്ടിടങ്ങളുടെ നിസ്സാര ഭാഗങ്ങൾ ഏറ്റെടുക്കുന്നത് സാധിക്കുന്നിടത്തോളം ഒഴിവാക്കുക
- സ്ഥലമേറ്റെടുപ്പ് നിലവിലുള്ള റോഡിൻെറ മദ്ധ്യത്തിൽ നിന്ന് രണ്ട് ഭാഗത്തേക്കും തുല്ല്യ അളവിലായിരിക്കണമെന്ന് ചിലർ ആവശ്യപ്പെട്ടു.
- നിശ്ചിത കാലയളവിനുള്ളിൽ റോഡ് വികസനം പൂർത്തിയാക്കുമെങ്കിൽ മാത്രം സ്ഥലമേറ്റെടുപ്പ് നടത്തുക
- വേറൊരു ഉപജീവന മാർഗ്ഗം സ്ഥാപിക്കുന്നതിൽ സഹായം
- മാക്ക്റ്റ് വിലയ്ക്കനുസരിച്ചുള്ള മൂല്യനിർണ്ണയം നടത്തണം.
- ഏറ്റെടുക്കലിനുശേഷമുള്ള സ്ഥലത്ത് നിർമ്മാണത്തിൽ റോഡിൽനിന്നുള്ള നിയതിത അകലത്തിൽ ഇളവ് നൽകുക
- ചെറിയ കടകൾ പോളിക്കുമ്പോൾ ശേഷിക്കുന്നവ ഉപയോഗപ്രദമല്ലെങ്കിൽ, അതുംകൂടി ഏറ്റെടുക്കുക

- നിർമ്മാണപ്രവൃത്തികൾ കച്ചവട ഇടപാടുകളെ ബാധിക്കാത്തതരത്തിൽ സമയബന്ധിതമായി പൂത്തീകരിക്കുക.
- ഭരണചുമതലവഹിക്കുന്നവരും ഉദ്ധ്യോഗസ്ഥരും ചേർന്ന് ഒരു ബൈപാസ്സ് സംവിധാനവും വൺ-വേ മാർഗ്ഗവും അവലംബിച്ചാൽ ഭൂമി ഏറ്റെടുക്കലും ഒട്ടനവധി ജീവനോപധികളുടെ നഷ്ടങ്ങളും ഒഴിവാക്കാവുന്നതാണ്.